**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1438** **06.02.2020-ൽ മറുപടിക്ക്**

**പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പൊഴിയൂരിൽ അനുവദിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | (എ) | പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങളുടെ ഭാഗമായി ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വെ, പ്രീമൺസൂൺ - മൺസൂൺ - പോസ്റ്റ്മൺസൂൺ വേവ് ഡാറ്റ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രഫിക് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (ബി) | തുറമുഖ നിർമ്മാണത്തിന്റെ ഡി പി ആർ തയ്യാറാക്കുവാൻ ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതു എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ പ്രാഥമിക മാതൃകാപഠനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തുന്നതും ഇപ്രകാരം ലഭിക്കുന്ന ടെൻടേറ്റീവ് (Tentative) ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ധ ഉപദേശത്തിനുമായി പൂനെ CWPRS ന് നൽകുന്നതുമാണ്. പദ്ധതിയുടെ മാതൃകാ പഠനം പൂർത്തിയാക്കിയശേഷം പരിസ്ഥിതി ആഘാതപഠനം കൂടി നടത്തി ഇ.ഐ.എ ക്ലിയറൻസ് ലഭിച്ച ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്. |
| (സി) | തുറമുഖം നിർമ്മിക്കുന്നതിന് സാങ്കേതിക - പാരിസ്ഥിതിക പഠനം നടത്തുന്നതിനു ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ ; | (സി) | പദ്ധതിയുടെ മാതൃകാപഠനം പൂർത്തീകരിച്ച ശേഷം ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | പ്രാരംഭഘട്ട പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | ടി പദ്ധതിയുടെ അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് 63.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**